LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

44 (4376) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, ആലപ്പുഴ ജില്ലകളിൽ നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽനിന്നും നിയമനം നടത്തുന്നതിന് ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എത്രയും വേഗം പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ - 19-6-2015 വരെ 263 പേർക്ക് നിയമന ശിപാർശ നൽകി. പാലക്കാട് - 2-7-2015 വരെ 228 പേർക്ക് നിയമന ശിപാർശ നൽകി.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും നിലവിലുള്ളതും ഉണ്ടാകാനിടയുള്ളതുമായ ഒഴിവുകൾ അതാത് മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കായികതാരങ്ങൾക്ക് നിയമനങ്ങളിൽ ഗ്രേസ് മാർക്ക്

45 (4377) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികച്ച കായിക താരങ്ങൾക്ക് കെ.പി.എസ്.സി. നടത്തുന്ന ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലെ നിയമനങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകാറുണ്ടോ ;

(ബി) നിലവിൽ ഏതൊക്കെ കായിക ഇനങ്ങൾക്കാണ് ഇത്തരത്തിൽ ഗ്രേസ് മാർക്ക് നൽകുന്നത് ;

(സി) കൂടുതൽ കായിക ഇനങ്ങൾക്കു കൂടി ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച No. KSSC/B4/417 dated 6-6-2014 പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) നൽകാറുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ ആവശ്യം പരിശോധിക്കുകയും തൽസ്ഥിതി തുടരുന്നതാണ് ഉചിതമെന്ന് തീരുമാനമെടുക്കുകയും ചെയ്തു.

എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി. നിയമനം

46 (4378) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി. വിഭാഗങ്ങളിൽ ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ജൂനിയർ/സീനിയർ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പി.എസ്.സി. ഒരേ ടെസ്റ്റിൽനിന്നും എച്ച്.എസ്.എസ്.ടി. ജൂനിയർ-സീനിയർ വിഭാഗങ്ങളിലായി രണ്ടു ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ ;

(ഇ) എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി., വിഭാഗങ്ങളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ജനറൽ സംവരണ വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം :

ഫിസിക്സ് (സീനിയർ)	-	2
ഫിസിക്സ് (ജൂനിയർ)	-	100
കെമിസ്ട്രി (സീനിയർ)	-	3

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly